"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്- മൈനിങ് & ജിയോളജി- ജീവനക്കാര്യം- ശ്രീ. എ. കെ. മനോജ്, സീനിയർ ജിയോളജിസ്റ്റ്- കൊല്ലം ജില്ലാ ജിയോളജിസ്റ്റ് തസ്തികയിൽ അധിക ചുമതല വഹിച്ചത്- ചാർജ്ജ് അലവൻസ് അനുവദിച്ച്- ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1152/2026/ID തീയതി,തിരുവനന്തപുരം, 28-09-2026

---

പരാമർശം:-

1. 11/07/2017-ലെ സ. ഉ. (പി) നം. 88/2017/ധന
2. 08/01/2023-ലെ സ. ഉ. (സാധാ) നം. 15/2023/വ്യവ.
3. മൈനിങ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 02/08/2023-ലെ 1960/2023/ഇ1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലാ ജിയോളജിസ്റ്റായിരുന്ന ശ്രീമതി സിമിലാറാണിയെ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യുകയും ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റായിരുന്ന ശ്രീ. എ. കെ. മനോജിന് കൊല്ലം ജില്ലാ ആഫീസിന്റെ അധികചുമതല നൽകുകയും ചെയ്തിരുന്നു. 12-01-2023 തീയതി മുതൽ 02/06/2023 വരെ പ്രസ്തുത തസ്തികയുടെ അധികചുമതല വഹിച്ച സീനിയർ ജിയോളജിസ്റ്റ് ശ്രീ. എ. കെ. മനോജിന് ചാർജ്ജ് അലവൻസ് അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം മൈനിങ് & ജിയോളജി ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലാ ജിയോളജിസ്റ്റായിരുന്ന ശ്രീമതി സിമിലാറാണിയെ സസ്പെന്റ് ചെയ്ത സാഹചര്യത്തിൽ പ്രസ്തുത കാര്യാലയത്തിലെ ജില്ലാ ജിയോളജിസ്റ്റിന്റെ അധിക ചുമതല വഹിച്ച സീനിയർ ജിയോളജിസ്റ്റ് ശ്രീ. എ. കെ. മനോജ്-ന് കെ. എസ്. ആർ ഭാഗം I ചട്ടങ്ങൾ 53 (b) (2) (as amended vide G. O(P) No. 88/2017/Fin dated 11/07/2017) 53 A (II) (b) (1), 53(c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 12/01/2023 മുതൽ മൂന്നു മാസക്കാലയളവിലേക്ക് പരിമിതപ്പെടുത്തി ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത ബി ചന്ദ്ര
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിങ് & ജിയോളജി, തിരുവനന്തപുരം.
ശ്രീ. എ. കെ. മനോജ് (മൈനിങ് & ജിയോളജി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Digitally signed by
Sabitha B
Date: 28-09-2026
17:18:36

സെക്ഷൻ ഓഫീസർ